(ബി) ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്ന് വായ്പ എടുക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏത് സ്ഥാപനമെന്ന് വ്യക്തമാക്കാമോ ;

(സി) ഒറ്റപ്പാലം-മായന്നൂർ പാലം പണി പൂർത്തിയാക്കുന്നതിന് കാലാവധി നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ കാലാവധി എത്ര ?

ഉത്തരം

(എ) കൺസ്ട്രക്ഷൻ കോർപ്പറേഷന് 127 ലക്ഷം രൂപ മൊബിലൈസേഷൻ അഡ്വാൻസായി നൽകിയിട്ടുണ്ട്.

(ബി) ഈ പാലത്തിന്റെ നിർമ്മാണത്തിനായി വായ്പ എടുക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷനെ അധികാരപ്പെടുത്തിയിട്ടില്ല. എന്നാൽ ഈ പദ്ധതിക്കായി ഹഡ്കോയിൽ നിന്നും 15 കോടി രൂപയുടെ ധനസഹായം സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 31-3-2004-നകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ആറ്റുവേലക്കടവ് പാലത്തിന്റെ നിർമ്മാണം

132 (2851) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം മണ്ഡലത്തിലെ മറവൻതുരുത്ത്-ഉദയനാപുരം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആറ്റുവേലക്കടവ് പാലം നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ടെൻഡർ എപ്പോൾ ക്ഷണിക്കാനാവുമെന്നും എന്ന് പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) ഈ നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

ചെമ്പങ്ങാടി കടവ് പാലത്തിന്റെ നിർമ്മാണം

133 (2852) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെമ്പ് ഗ്രാമപഞ്ചായത്തിലെ 'ചെമ്പങ്ങാടി കടവ്' പാലത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിന്റെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാവുമെന്ന് അറിയിക്കാമോ ?

ഉത്തരം

(എ-സി) ഈ പാലം ഉൾപ്പെടുന്ന റോഡ് പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽപ്പെട്ടതല്ല.

മുറ്റിച്ചൂർ പാലം നിർമ്മിക്കാൻ നടപടി

134 (2853) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിലെ നാട്ടിക ഗ്രാമപഞ്ചായത്തിൽപ്പെട്ട മുറ്റിച്ചൂർ കടവിൽ കനോലി കനാലിൻമേൽ പാലത്തിന്റെ നിർമ്മാണം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ അതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ;

(സി) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ എൽ.ബി.എസ്.നെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എൽ.ബി.എസ്. ഇൻവെസ്റ്റിഗേഷൻ നടത്തിയോ ;

(ഡി) നാട്ടിക, മണലൂർ, ചേർപ്പ് മണ്ഡലങ്ങളെ തൃശ്ശൂർ ജില്ലയിലെ തീര ദേശവുമായി ബന്ധിപ്പിക്കുന്ന പ്രസ്തുത പാലം ഈ സാമ്പത്തിക വർഷം തന്നെ നബാർഡിനെക്കൊണ്ട് ഏറ്റെടുപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മുറ്റിച്ചൂർ കടവിൽ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് ഇൻവെസ്റ്റിഗേഷൻ നടന്നു വരുന്നു.

(സി) ഈ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ ചുമതല LBS- നെ ഏൽപ്പിച്ചിട്ടില്ല.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തിയായശേഷം പാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പൊക്കുളങ്ങര പാലത്തിന്റെ നിർമ്മാണം

135 (2854) ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജക മണ്ഡലത്തിൽ ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ പൊക്കുളങ്ങര പാലത്തിന് വേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) എങ്കിൽ ഭൂവുടമകൾക്ക് പണം നൽകിയോ ;

LIBRARY ARCHIVES Kerala Legislative Assembly